## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1407 — 14.6.2013-ൽ മറുപടിക്ക്

### നഗരവികസന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എൻ.എ.ഖാദർ | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, തൃശ്ശൂർ, എറണാകുളം എന്നീ നഗരങ്ങളിൽ നടപ്പിലാക്കുവാൻ ആരംഭിച്ച വികസന പദ്ധതികൾ മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, തൃശ്ശൂർ, എറണാകുളം എന്നീ നഗരങ്ങളിൽ ആരംഭിച്ച സുസ്ഥിര നഗരവികസന പദ്ധതികളിൽ ഖരമാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണം മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) പ്രസ്തുത വികസന പദ്ധതികൾക്കായി നിയോഗിച്ച കൺസൾട്ടിംഗ് ഏജൻസികൾക്ക് ഇതിനകം എന്തു തുക നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ ; | ബി) മൊത്തം പദ്ധതികൾ നടപ്പിലാക്കുന്നതിനായി കൺസൾട്ടിംഗ് ഏജൻസികൾക്ക് ഇതിനകം 54.28 കോടി രൂപ നൽകിയിട്ടുണ്ട്. |
| സി) പ്രസ്തുത പദ്ധതികൾ എന്നേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | സി) തടസ്സപ്പെട്ട പദ്ധതികൾ പൊതുജനവികാരം അനുകൂലമാകുന്നുവെങ്കിൽ പദ്ധതി കാലാവധി അവസാനിക്കുന്ന 2014 ജൂണിനുമുമ്പ് പൂർത്തീകരിക്കുവാൻ സാധിക്കും. |
| ഡി) ഇതിനകം നടന്ന നഗര വികസന പ്രവർത്തനങ്ങളുടെ വിശദാംശം നൽകാമോ? | ഡി) തിരുവനന്തപുരം നഗരത്തിലെ പഴവങ്ങാടി തോടിന്റെ ആഴം കൂട്ടി വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനുള്ള പദ്ധതി നടന്ന് വരികയാണ്. പദ്ധതികൾ പൂർത്തിയാകുന്ന മുറയ്ക്ക് തമ്പാനൂർ വെള്ളപ്പൊക്കത്തിന് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയും.<br><br>കൊല്ലം നഗരത്തിൽ കപ്പലണ്ടിമുക്ക്-മുന്നീശ്വരം കോവിൽറോഡ് നാല് വരിപ്പാതയാക്കി ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. കൊച്ചി നഗരത്തിൽ സഹോദരൻ അയ്യപ്പൻ |

റോഡ്, ഇടപ്പള്ളി-ഹൈക്കോർട്ട് റോഡ് എന്നിവ ഗതാഗതയോഗ്യമാക്കി നഗരത്തിലെ മഴവെള്ള നിർമ്മാർജ്ജന ത്തിന് വേണ്ടി മഴവെള്ള ചാലുകളുടെ പുനർനിർമ്മാണം നടപ്പാക്കികഴിഞ്ഞു. തൃശ്ശൂർ നഗരത്തിൽ കെ.എസ്.ആർ.ടി.സി കൂർക്കഞ്ചേരി റോഡ്, ചിയ്യാരം- കൂർക്കഞ്ചേരി റോഡ്, കെ.എസ്.ആർ.ടി.സി.-ഫാത്തിമാറോഡ്, സ്വരാജ് റൗണ്ട്, ഷൊർണ്ണൂർ റോഡ് മുതലായവ ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്.

കോഴിക്കോട് നഗരത്തിൽ അരയിടത്തുപാലം ഫ്ളൈഓവറിന്റെ നിർമ്മാണം കെ.എസ്.യു.ഡി.പി.യുടെ കീഴിൽ ഉൾപ്പെടുത്തി പൂർത്തിയാക്കി. മാവൂർ റോഡ്, അരയിടത്തുപാലം-ഇരഞ്ഞിപാലം റോഡ്, ഫ്രാൻസിസ് റോഡ് തുടങ്ങി നിരവധി ജംഗ്ഷൻ പുനരുദ്ധാരണം കെ.എസ്.യു .ഡി.പി. യുടെ കീഴിൽ ഉൾപ്പെടുത്തി ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. നിലവിൽ നഗരത്തിലെ വെള്ളപൊക്കം നിയന്ത്രിക്കുന്നതിന് വേണ്ടി മഴവെള്ളചാലുകളുടെ പുനരുദ്ധാരണം നടപ്പിലാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ